പോളിയോ നിർമ്മാർജ്ജനം ഫലപ്രാപ്തിയിൽ എത്തിക്കാൻ നടപടി

129 [1656] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ സംസ്ഥാനത്ത് പോളിയോ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പോളിയോ നിർമ്മാർജ്ജന യജ്ഞം ഫലപ്രാപ്തിയിലെത്തിയെന്ന് കരുതുന്നുണ്ടോ;

(ഡി) നിർമ്മാർജ്ജനം ചെയ്യപ്പെട്ടുവെന്ന് കരുതിയിരുന്ന പല രോഗങ്ങളും തിരിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അതിനെ പ്രതിരോധിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. മലപ്പുറം ജില്ലയിൽ നിന്ന് ഒരു പോളിയോ കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) 2001-ന് ശേഷം ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്ത സ്ഥിതിക്ക് യജ്ഞം ഫലപ്രദമാണെന്ന് തന്നെ കരുതുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലമ്പനി രോഗം വീണ്ടും പ്രത്യക്ഷപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) രോഗബാധയുള്ളവരെ കണ്ടെത്തി അവരെ സമ്പൂർണ്ണ ചികിൽസയ്ക്ക് വിധേയരാക്കുക, രക്ത പരിശോധന നടത്തുക, രോഗബാധയുള്ള സ്ഥലങ്ങളിൽ പ്രത്യേക ക്യാമ്പുകൾ നടത്തുക, കൊതുകുശല്യം നിയന്ത്രിക്കാൻ നടപടികൾ എടുക്കുക എന്നിങ്ങനെ വിവിധ തലത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങളാണ് മലമ്പനിക്കെതിരെ നടത്തി വരുന്നത്.

കൂത്താട്ടുകുളം ഗവൺമെന്റ് ആശുപത്രിയിൽ പേവാർഡ് നിർമ്മാണത്തിന് നടപടി

130 [1657] ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്താട്ടുകുളം ഗവ. ആശുപത്രിയിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പേവാർഡ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly